ഉത്തരം

(എ) 26.1.1978 മുതൽ കിടക്കകളുടെ എണ്ണം 25-ൽനിന്നും 100 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ജല വിതരണ പദ്ധതി പൂർത്തിയായിട്ടുണ്ട്. വൈദ്യുതീകരണം പൂർത്തിയാക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കിടക്കകളുടെ എണ്ണം 25-ൽനിന്ന് 100 ആയി വർദ്ധിപ്പിച്ചു. (എ) യുടെ ഉത്തരത്തിൽ പറഞ്ഞിരിക്കുന്ന നടപടികളും പൂർത്തിയായതിനുശേഷം കിടക്കകളുടെ എണ്ണം 150 ആയി വർദ്ധിപ്പിക്കാവുന്നതാണ്.

ചേരി പ്രദേശങ്ങളിലും ഹരിജൻ കോളനികളിലും പൊതുജന ആരോഗ്യ സംരക്ഷണം

783 [1152] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചേരി പ്രദേശങ്ങളിലും ഹരിജൻ കോളനികളിലും പൊതുജനാരോഗ്യ സംരക്ഷണത്തിനുവേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) ഗ്രാമപ്രദേശങ്ങളിലെ സാധാരണക്കാരന്റെ താൽപര്യങ്ങളെ കണക്കിലെടുത്തുകൊണ്ട് മൊബൈൽ ആശുപത്രികളും തുടങ്ങുന്നതിനെ സംബന്ധിച്ചുള്ള വല്ല നിർദ്ദേശവും പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ഹരിജനങ്ങളുടെ സൗകര്യത്തിനായി 8 അലോപ്പതി ഡിസ്പെൻസറികളും അഞ്ചു മാതൃ ശിശു സംരക്ഷണ കേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. അട്ടപ്പാടി, വയനാട്, നിലമ്പൂർ എന്നിവിടങ്ങളിൽ ഓരോ മൊബൈൽ ഡിസ്പെൻസറികളും തുടങ്ങുന്നതിനുവേണ്ട ഏർപ്പാടുകളും പൂർത്തിയാക്കി വരുന്നു.

പരുത്തിയറ ആയുർവ്വേദ ഡിസ്പെൻസറി

784 [1153] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പരുത്തിയറ ആയുർവ്വേദ ഡിസ്പെൻസറി ഒരു ആശുപത്രിയായി ഉയർത്തുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് നാട്ടുകാരുടെ നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly